**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 156** **22-07-2021 - ൽ മറുപടിയ്ക്ക്**

**ഗ്ലോബൽ ആയുർവേദ വില്ലേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ജോയി** | | **Shri. P. Rajeeve**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | വർക്കല മണ്ഡലത്തിലെ അയിരൂർ വില്ലേജിൽ ഗ്ലോബൽ ആയുർവേദ വില്ലേജ് ആരംഭിക്കുന്നതിന് കിൻഫ്ര എത്ര ഭൂമി ഏറ്റെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | വർക്കല മണ്ഡലത്തിലെ അയിരൂർ വില്ലേജിൽ ഗ്ലോബൽ ആയുർവേദ വില്ലേജ് ആരംഭിക്കുന്നതിന് 30.93 ഏക്കർ ഭൂമി കിൻഫ്ര ഏറ്റെടുത്തിട്ടുണ്ട്. |
| (ബി) | ഗ്ലോബൽ ആയുർവേദ വില്ലേജിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (ബി) | വർക്കല മണ്ഡലത്തിലെ അയിരൂർ വില്ലേജിൽ ഒരു ഗ്ലോബൽ ആയുർവേദ വില്ലേജ് ആരംഭിക്കുന്നതിലേക്കായി നിക്ഷേപകരിൽ നിന്ന് താല്പര്യപത്രം ക്ഷണിച്ചിരുന്നു. ഇതനുസരിച്ച് 3 പദ്ധതികൾ സമർപ്പിക്കപ്പെട്ടു. പദ്ധതികൾ വിശദമായി പരിശോധിക്കുകയും ഏറ്റവും മികച്ച പ്രൊപ്പോസൽ സമർപ്പിച്ച സമാനാ ഗ്ലോബൽ ബിസിനസ് സൊല്യൂഷൻസ് ലിമിറ്റഡ്നെ സംയുക്ത സംരംഭക പങ്കാളിയായി തിരഞ്ഞെടുക്കുകയും ചെയ്തു. മേൽ പറഞ്ഞ പ്രകാരം ഗ്ലോബൽ ആയുർവേദ വില്ലേജ് സ്ഥാപിക്കുന്നതിനായി തിരഞ്ഞെടുത്ത വിവരം പ്രസ്തുത കമ്പനിയെ അറിയിച്ചിട്ടുണ്ട്. കിൻഫ്രയുടെ ഇൻവെസ്റ്റ്മെന്റ് കമ്മിറ്റിയുടെയും ബോർഡിന്റെയും തീരുമാനത്തിനു വിധേയമായി പദ്ധതി നടപ്പിലാക്കുന്നതായിരിക്കും. |

സെക്ഷൻ ഓഫീസർ